**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6277** **17-03-2023 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. വി.എൻ വാസവൻ**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ വിശദമാക്കാമോ; | (എ) | 1. ഒരു സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.<br>2. വാണിജ്യ ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായവായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം ഉപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം നടപ്പിലാക്കി.<br>3. രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റലായി തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസം തന്നെ മടക്കി നല്കുന്നതിനുമുള്ള അനുമതി.<br>4. വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലും 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഇ- ഓഫീസ് സംവിധാനം നടപ്പിലാക്കി.<br>5. സബ് രജിസ്ട്രാർ ഓഫീസുകളിലെ മുൻ ആധാര വിവരങ്ങളുടെ ഡിജിറ്റൈസേഷൻ പദ്ധതിയിലൂടെ ആധാരപ്പകർപ്പുകൾ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | 6. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ<br>സി -ഡിറ്റിന്റെ സഹായത്തോടെ പുതിയ<br>സാങ്കേതിക വിദ<br>പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ<br>രൂപകല്പനയോടെ പരിഷ്കരിച്ചു.<br>7. രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ<br>ഓഫീസുകളിലെയും ഇന്റർനെറ്റ<br>സംവിധാനം കാര്യക്ഷമമാക്കുന്നതിനായി<br>ബി.എസ്.എൻ.എല്ലുമായി സഹകരിച്ച<br>കൊണ്ട് ഒപ്റ്റിക്കൽ ഫൈബർ<br>സർക്യൂട്ടുകൾ സ്ഥാപിച്ചു.<br>8. പുതിയ കെട്ടിട നിർമ്മാണം<br>പൂർത്തിയാക്കിയ 16 സബ് രജിസ്ട്രാർ<br>ഓഫീസുകളിലെ റിക്കോർഡ് മുറികളിൽ<br>ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ<br>സ്ഥാപിച്ചു.<br>9. പുതിയ കെട്ടിട നിർമ്മാണം<br>പൂർത്തിയാക്കിയ 15 സബ് രജിസ്ട്രാർ<br>ഓഫീസുകളിൽ ജീവനക്കാർക്കും പൊതു<br>ജനങ്ങൾക്കുമായി ആധുനിക രീതിയിലുള്ള<br>ഇരിപ്പിടങ്ങളും കൗണ്ടറുകളും സ്ഥാപിച്ചു.<br>10. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി<br>നിർമ്മാണം പൂർത്തിയാക്കിയ കോട്ടയം<br>കോംപ്ലക്സ്, തൃക്കരിപ്പൂർ, മാനന്തവാടി<br>ഉളിയിൽ, ചാത്തമംഗലം എന്നി<br>ഓഫീസുകൾ പുതിയ കെട്ടിടത്തിൽ<br>പ്രവർത്തനം ആരംഭിച്ചു. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിലെ എന്തെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | 1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള<br>എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ്<br>സൗകര്യം<br>2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില<br>വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ<br>-സ്റ്റാമ്പിംഗ് സൗകര്യം. 01.04.2023<br>മുതൽ എല്ലാ മൂല്യങ്ങൾക്കും ഇ-സ്റ്റാമ്പിംഗ<br>സൗകര്യം.<br>3. ആധാര വിവരങ്ങൾ ഓൺലൈനായി<br>നൽകുന്നതിനും ആധാരം രജിസ്റ്റർ<br>ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും<br>മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട<br>ഓൺലൈനായി ടോക്കൺ<br>എടുക്കുന്നതിനുമുള്ള സംവിധാനം.<br>4. ആധാര രജിസ്ട്രേഷൻ നടപടികൾ<br>പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ<br>ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട |

വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.
6. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.
7. ആധാരപ്പകർപ്പുകൾ ഓഫീസിൽ പോകാതെ തന്നെ ലഭിക്കുന്നതിനുള്ള സൗകര്യം തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കി.
8. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ ഒടുക്കുന്നതിനും, അപേക്ഷകർക്ക സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.
9. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാന് ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.
10. KSFE -യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.
11. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.
12. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.
13. പാർട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| | | | വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.<br>14. ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം. |
| (സി) | രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് 2020-21, 2021-22, 2022-23 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള വരുമാനം എത്രയാണെന്ന് അറിയിക്കാമോ? | (സി) | 1. 2020-21 - 3130.32 കോടി<br>2. 2021-22 - 4431.89 കോടി<br>3. 2022-23 - 4711.75 കോടി (2023 ഫെബ്രുവരി വരെ) |

സെക്ഷൻ ഓഫീസർ